**KOTTAYAM PUBLIC LIBRARY**

Call No. 297 Acc. No. 13053

Author ഡോൾബട്ട്. കെ (റവ)

Title മൊത്തിഹാനിരൂപണം

1059

# AN EXAMINATION
OF
# AL-FATIHA

13053

## ഫാത്തിഹാനിരൂപണം.

By
REV. K. MARK,
*Pastor,*
*U. B. M. S. I. U. Church, Chalappuram.*

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

PUBLISHED BY THE MALAYALAM CHRISTIAN LITERATURE COMMITTEE
1946

*Price As. 3.* വില: ൩ണ.

297
Mar-F

Approved by and published with the aid of the C. L. M. C.

# മുഖവുര

കഴിഞ്ഞുപോയ 1938, 1939 എന്നീ വഷങ്ങളിൽ കോഴിക്കോട്ട മൈതാനത്തിലും നഗരത്തിൻെറ മററു ഭാഗങ്ങളിലും വെച്ചു, മുഹമ്മദീയ സഹോദരങ്ങളെ പ്രത്യേകമായും ഉദ്ദേശിച്ചു നടത്തിയ സുവിശേഷപ്രസംഗങ്ങൾക്ക എതിരെയുണ്ടായ ചോദ്യങ്ങൾക്കും എതിപ്പിന്നും സമാധാനമായി ചില ലഘുലേഖകളും പുസ്തകങ്ങളും എഴുതുവാൻ സാധിച്ചിരിക്കുന്നു. അവയിൽ ചിലതു താഴെ കാണിക്കുന്നു:—

1. ഈസാനെബി ദൈവമാണെന്നതിന്നു പ്രമാണമുണ്ടോ?
2. ഇസ്ഹാക്കും ഇശ്മായേലും.
3. ഫാത്തിഹാനിരൂപണം.

ആദ്യത്തെ രണ്ടു ലഘുലേഖകൾ അക്കാലത്തുതന്നെ അച്ചടിച്ചു വിതരണം ചെയ്തിരുന്നു. എന്നാൽ ഈ ചെറുപുസ്തകം ഇപ്പോൾ മാത്രമേ അച്ചടിപ്പിപ്പാൻ തരമായുള്ളൂ.

ഈ കൃതി ചമെക്കുന്നതിൽ അക്രൈസ്തവരുടെ മദ്ധ്യെ സുവിശേഷവേല ചെയ്തിരുന്ന പണ്ഡിതനും സമ്മതനുമായ പരേതൻ ദിവ്യശ്രീ ലൂക്ക് നാപ്പള്ളി എന്ന ബോധകരിൽനിന്നു എനിക്ക പല സഹായങ്ങളും ലഭിച്ചിട്ടുണ്ടു് എന്നു ഞാൻ കൃതജ്ഞതാപൂവ്വം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

മൌലാന മുഹമ്മദ് ആലിയുടെ ഇംഗ്ലീഷു തജ്ജമയും വ്യാഖ്യാനവും കൂടിയ ഖുർ ആനിലെ ആയത്തുകളിൽനിന്നാണു് ഞാൻ ഈ ചെറുപുസ്തകത്തിൽ പലഭാഗങ്ങളും ഉദ്ധരിച്ചിട്ടുള്ളതു്.

## പൊരുളടക്കം


| വിവരം. | | ഭാഗം. |
|---|---|---|
| 1. | പ്രാരംഭസൂചനകൾ . . . . . . . . . . | 1 |
| 2. | അൽഫാത്തിഹ (മലയാള അക്ഷരത്തിൽ). . | 3 |
| 3. | അൽഫാത്തിഹായുടെ മലയാള പരിഭാഷ . . | 4 |
| 4. | ബിസ്മില്ല . . . . . . . . . . . . . | 5 |
| 5. | അൽഫാത്തിഹായിലെ ആയത്തുകൾ . . . | 17 |
| 6. | ഈസാനെബി പഠിപ്പിച്ചുകൊടുത്ത പ്രാർത്ഥന | 40 |
| 7. | അവസാനം . . . . . . . . . . . . . | 41 |

# ഫാത്തിഹാനിരൂപണം.

1. അൽ കുർആൻ, അൽ കിത്താബ്, അൽ ഫുക്കാൻ. ഈ വിശേഷനാമങ്ങൾ മുസ്ലീമികളുടെ വേദഗ്രന്ഥത്തിന്നുള്ള പേരുകളാണ്. അതിൽ 114 അദ്ധ്യായങ്ങളും (സൂറകളും) 6277 വാക്യങ്ങളും (ആയത്തുകളും) ഉണ്ടു്. നോമ്പുകാലമായ റമുളാൻമാസം കഴിയുമ്പോഴേക്ക അതു ഒരുതവണ മുഴുവനായി പാരായണംചെയ്തു തീക്കേണം എന്നു വിധിച്ചിട്ടുണ്ടു്. ഇതു സാദ്ധ്യമാവാൻ പുസ്തകത്തിൻെറ ഉള്ളടക്കം 30 ഖണ്ഡങ്ങളായി ഭാഗിച്ചിരിക്കുന്നു. ഈ വിഭാഗത്തിന്നു ഓരോന്നിന്നും ജുസ് എന്നാണ് പേർ പറയുന്നതു്. ആയത്തുകളുടെ സംഖ്യ വിചാരിച്ചാൽ ഏററവും ദീൎഘമായ രണ്ടാമത്തെ അൽബകപറ എന്ന സൂറയാണ്. അതിൽ 286 വാക്യങ്ങൾ കാണാം. ഏറ്റവും ചുരുങ്ങിയവയിൽ മുമ്മൂന്നു വാക്യങ്ങളേയുള്ളൂ. അവ 103-ാമത്തെ അൻ അസ്സറ്, 108-ാമത്തെ അൽ കൌസാർ, 110-ാമത്തെ അൽ നസ്സറ് എന്നീ സൂറകളാകുന്നു. രണ്ടാം സൂറയിലെ 282-ാമത്തെ ആയത്തിനേക്കാൾ ദീൎഘവും, അട്ടഹ എന്ന 93-ാം സൂറയിലെ ഒന്നാം ആയത്തിനേക്കാൾ ചെറുതും ആയ ആയത്തുകൾ ഇല്ലെന്നു തോന്നുന്നു.

അൽഫാത്തിഹ(=തുറക്കൽ) എന്നാണ് ഒന്നാം സൂറയുടെ പേർ. ഈസാനെബി തൻെറ ഉമ്മത്തികൾക്ക (ശിഷ്യന്മാൎക്കു) ഒരു പ്രാൎത്ഥന പഠിപ്പിച്ചുകൊടുത്തിരുന്നു. അതിൽ ഏഴു അപേക്ഷകളുണ്ടു. ഈ പ്രാൎത്ഥന മത്തായി എഴുതിയ സുവിശേഷത്തിൽ 6ൽ 7–13 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. അതനുസരിച്ച ഒരു പ്രാൎത്ഥന തൻെറ അനുഗാമികൾക്ക പഠിപ്പിച്ചുകൊടുക്കേണം എന്നു ആലോചിച്ചിട്ടായിരിക്കുമോ അൽകുർ ആൻെറ മുഖവുരയായ ഒന്നാമത്തെ

സൂറയിൽ ഏഴ അപേക്ഷകൾ അടങ്ങിയ മററൊരു പ്രാത്ഥന മുഹമ്മദ്നെബി തൻെറ പിൻഗാമികൾക്ക പഠിപ്പിച്ചുകൊടുത്തതു്. 'ആദരവായ നെബി' ഏററവും അധികമായി ഈ പ്രാത്ഥന വിലമതിച്ചിരുന്നു. അതിന്നു പ്രാത്ഥനയുടെ സൂറ എന്നും, സ്തോത്രത്തിൻെറ സൂറ എന്നും, നിധിയുടെ സൂറ എന്നും പേർ പറയാറുണ്ടു. മുഹമ്മദീയർ ഈ സൂറ അൽകുർ ആൻെറ സാരമായി കരുതുന്നു. അവർ ഒററയായോ സംഘമായോ നടത്തുന്ന നിസ്കാരങ്ങളിൽ ഈ സൂറ പ്രാത്ഥനയായി കഴിച്ചുവരുന്നു. 'ഞാം നിനക്ക പലപ്പോഴും ആവത്തിച്ചു പ്രാത്ഥിക്കേണ്ടതിന്നു ഏഴ ആയത്തുകളുള്ള പ്രാത്ഥന നല്കിയിരിക്കുന്നു' (സൂറ 15ൽ 87-ാം ആയത്ത്) എന്നു പ്രസ്താവിക്കുന്നതു് അൽഫാത്തിഹായെ കുറിച്ചാകുന്നു. ദിവസേന 32 പ്രാവശ്യത്തിൽ കുറയാതെ ഈ പ്രാത്ഥന കഴിക്കാറുണ്ടു. അൽഫാത്തിഹ ഉച്ചരിക്കാതെ നടത്തുന്ന യാതൊരു പ്രാത്ഥനയും പൂണ്ണമല്ല. മുഹമ്മദ്നെബി ഈ സൂറയെ ഉമ്മുൽ കുർആൻ എന്നാണ് പറയാറു്.

ഇപ്രകാരമൊക്കെയും കീത്തിച്ചുകാണുന്ന അൽഫാത്തിഹക്ക വല്ല വിശേഷതയും പ്രത്യേകതയും ഉണ്ടോ? എന്നും, ആയതു എത്രത്തോളം ക്രിസ്ത്യാനികളുടെ വിശുദ്ധ വേദപുസ്തകത്തെ ആശ്രയിച്ചിരിക്കുന്നു എന്നും നമുക്ക ആദ്യമായി ഒന്നു നിരൂപണം ചെയ്യാം.

---

## 2. അൽഫാത്തിഹ.

ബിസ്മില്ലാഹിർ റഹ്മാനിർ റഹീം.

### ആയത്തുകൾ 7.

1. അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ.
2. അർ റഹ്മാനിർ റഹീം.
3. മാലികി യൌമിദ്ദീൻ.
4. ഇയ്യാകന എബ്ബുദു വഇയ്യാകനസ്ത ഇൻ.
5. ഇഹ്ദിന സ്സിറാത്തൽ മുസ്തഖീം.
6. സിറാത്തല്ലദീന അൻഅംത അലയ്ഹിം.
7. ഗൊയിറിൽ മഹദൂബി അലയ്ഹിം വലദ്ദാലീൻ.

———

## 3. അൽഫാത്തിഹായുടെ മലയാളപരിഭാഷ.

ഫാത്തിഹ=ആരംഭം (തുറക്കൽ).

ഏററവും കൃപയുള്ള അൽളാൻെറ തിരുനാമത്തിൽ (മഹാ ദയാലുവായ അൽളാൻെറ തിരുനാമത്തിൽ) അഥവാ ദയയും കരുണയുമുള്ള അൽളാൻെറ തിരുനാമത്തിൽ.

1. സവ്വലോകങ്ങളുടെയും റബ്ബായ (കത്താവായ) അൽളാന്നു എല്ലാ കീത്തിയും ഉണ്ടായിരിക്കട്ടെ (ഭവിക്കട്ടെ).
2. ദയയും കരുണയുമുള്ളവൻ.
3. പ്രതിഫലം കൊടുക്കുന്ന ദിവസത്തിൻെറ യജമാനൻ അഥവാ രാജാവ്.
4. ഞങ്ങൾ അങ്ങയെ തന്നെയാണ് വണങ്ങുന്നത് (സേവിക്കുന്നത്).

   ഞങ്ങൾ സഹായത്തിന്നായി അങ്ങയോടപേക്ഷിക്കുന്നു.
5. ഞങ്ങളെ നേരായ മാഗ്ഗത്തിൽ നടത്തേണമേ.
6. അങ്ങുന്നു ആക്ക് കരുണ കാണിച്ചിരിക്കുന്നുവോ (സഹായം ചെയ്തിരിക്കുന്നുവോ) അവരുടെ പാതയിൽ.
7. ആരുടെ നേരെ ക്രോധം വരുത്തിയോ അല്ല ആർ വഴിതെററിയവരോ അവരുടെ (വഴിയിൽ അല്ല).

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വര്‍ഷങ്ങള്‍ക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

## ഉമ്മുല്‍ കുര്‍ആനും.

ഈസാനെബിയുടെ കാലശേഷം 570 വര്‍ഷങ്ങള്‍ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അല്‍ഫാത്തിഹായിലെ ഉപദേശം.

## 4. ബിസ്മില്ല.

ബിസ്മില്ലാഹിര്‍ റഹ്മാനിര്‍ റഹീം = മഹാ ദയാലുവായ അല്‍ളാന്‍െറ തിരുനാമത്തില്‍.

അല്‍ബറാത്ത് എന്ന നാമത്തോടുകൂടിയ ഒമ്പതാമത്തെ സൂറത്ത് ഒഴികെ, ശേഷം 113 സൂറത്തുകളും ഇതേ രൂപത്തില്‍ ആരംഭിക്കുന്നു. ഈ ഒരു സൂറത്തിന്നു മാത്രം ഈ ആരംഭം ഇല്ലാതിരിക്കുന്നതിന്നു കാരണം എന്തായിരിക്കാം! റഹ്മത്തിന്‍െറ ബിസ്മി ക്രോധത്തിന്‍െറ സൂറയില്‍ ആവശ്യമില്ല എന്ന അഭിപ്രായംകൊണ്ടായിരിക്കാം ഈ സൂറയില്‍ അതില്ലാത്തതു. എന്നാല്‍ 27, 30ലും അതു കാണുന്നു. ഇങ്ങിനെ ബിസ്മി എന്ന പദം അല്‍കുര്‍ ആനില്‍ 114 പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടു. ബിസ്മി അല്‍ഫാത്തിഹായുടെ സാരവും, അല്‍ഫാത്തിഹ അല്‍കുര്‍ ആന്‍െറ സത്തും ആണ്.

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
|---|---|
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ് നെബിക്കു കിട്ടി എന്നു വിചാരിക്കുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| ദൈവമായ യഹോവ | അൽള. |
| | ഈ അറബ് പദം ദൈവത്തിന്നു കുർ ആനിൽ കാണുന്ന 99 നാമങ്ങളിൽ ഒന്നാണ്. |

അൽള എന്നു അൽഫാത്തിഹായിൽ ദൈവത്തെ കുറിക്കുന്ന പദം, വിശുദ്ധ വേദപുസ്തകത്തിൽ ദൈവമായ യഹോവ എന്നാണ്. "മോശെ ദൈവത്തോടു: ഞാൻ യിസ്രായേൽ മക്കളുടെ അടുക്കൽ ചെന്നു: നിങ്ങളുടെ പിതാക്കന്മാരുടെ ദൈവം എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നു പറയുമ്പോൾ: അവൻെറ നാമം എന്തെന്നു അവർ എന്നോടു ചോദിച്ചാൽ ഞാൻ അവരോടു എന്തു പറയേണം എന്നു ചോദിച്ചു. അതിന്നു ദൈവം മോശെയോടു: 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു;' ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽ മക്കളോടു പറയേണം എന്നു കല്പിച്ചു. ദൈവം പിന്നേയും മോശെയോടു അരുളിച്ചെയ്തതെന്തെന്നാൽ: അബ്രഹാമിൻെറ ദൈവവും യിസ്ഹാക്കിൻെറ ദൈവവും—യിഷ്മായേലിൻെറ ദൈവമെന്നു വിശുദ്ധവേദപുസ്തകത്തിൽ എവിടെയും പറഞ്ഞിട്ടില്ല എന്നു പ്രത്യേകം ഓൎക്കേണം—യാക്കോബിൻെറ ദൈവവുമായി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു; ഇതു എന്നേക്കും എ

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

## ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി ~~എന്നു വിചാരിച്ചുവരുന്ന~~ അൽഫാത്തിഹായിലെ ഉപദേശം.

### ദൈവമായ യഹോവ | അല്ലാ.

ൻെറ നാമവും തലമുറതലമുറയായി എൻെറ ജ്ഞാപകവും ആകുന്നു (പുറപ്പാടു 3, 13–15). അല്ലാ എന്നു അൽകുർ ആനിൽ കാണുന്ന ദൈവനാമത്തിന്നു പകരം മുഹമ്മദ്നെബി ജനിക്കുന്നതിന്നു സുമാറു 2060 വൎഷങ്ങൾക്കു മുമ്പു, മൂസാനെബിക്കു ദൈവം തൌറാത്തിൽ വെളിപ്പെടുത്തിയ നാമം ദൈവമായ യഹോവ എന്നാണ്. “യഹോവയോ സത്യദൈവം; അവൻ ജീവനുള്ള ദൈവവും ശാശ്വതരാജാവും തന്നേ” (യിരെമ്യാവു 10, 10). “നിങ്ങളുടെ സ്വൎഗ്ഗീയപിതാവു സൽഗുണപരിപൂൎണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂൎണ്ണരാകുവിൻ” (മത്തായി 5, 48). തന്നിൽതന്നെ സ്ഥിതിചെയ്യുന്നവനും സൃഷ്ടിക്കപ്പെടാത്തവനും നിത്യനും മാറാത്ത വിശ്വസ്തനുമാണ് യഹോവ. ഇതാണ് ഈ എബ്രായപദത്തിൻെറ അൎത്ഥം. ഈ അൎത്ഥം തന്നെയല്ലയോ ഇക്കാലത്തു അല്ലാ എന്ന അറബ് പദത്തിന്നു തെഫ്സീറുകാർ (വ്യാഖ്യാനകൎത്താക്കൾ) സങ്കല്പിക്കുന്ന അൎത്ഥം. യഹോവ നിസ്സി (യഹോവ എൻെറ കൊടി—പുറപ്പാടു 17, 15); യഹോവ ശലേം (യഹോവ സമാധാനം അയക്കും—ന്യായാധിപന്മാർ 6, 24); യഹോവ തിട്ക്കെനു (യഹോവ നമ്മുടെ നീതി—യിരെമ്യാവു 23, 6) എന്നീ പ്രയോഗങ്ങളും വിശുദ്ധ വേദപുസ്തകത്തിലുണ്ടു്. ദൈവമായ യഹോവ സൎവ്വശക്തനാണെന്നും (ഉല്പത്തി 17, 1); സൎവ്വജ്ഞനാണെന്നും (യിരെമ്യാവു 17, 10); പരിശുദ്ധനാണെന്നും

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
|---|---|
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| ദൈവമായ യഹോവ | അൽള. |

(ലേവ്യർ 19, 2; യെശയ്യാവു 6, 3) മററും വിശുദ്ധ വേദപുസ്തകം ഉപദേശിക്കുന്നു. ഇതിൽ പരമായും വിശുദ്ധ വേദപുസ്തകത്തിൽ ഇല്ലാത്തതും ആയ എന്തൊരു വിശേഷതയാണ് ദൈവത്തെ സംബന്ധിച്ചു അൽകുർആനിൽ പ്രസ്താവിച്ചുകാണുന്നതു് എന്നു മുഹമ്മദീയ സ്നേഹിതന്മാരേ നിങ്ങൾതന്നെ കണ്ടുപിടിപ്പിൻ. മനസ്സാ, വാചാ, കർമ്മണാ പാപം ചെയ്തുപോയിരിക്കുന്ന മനുഷ്യനെ സംബന്ധിച്ചതു മുഴുവനും അറിയുന്ന സർവ്വജ്ഞനാണ് ദൈവം. പാപം നിമിത്തം മനുഷ്യനെ ശിക്ഷിപ്പാൻ കഴിയുന്ന സർവ്വശക്തനാണ് അൽള. പാപത്തെ കേവലം വെറുക്കുന്നവനും തന്നിമിത്തം ഇഹപരങ്ങളിൽ പാപിയെ ശിക്ഷിക്കുന്നവനുമാണ് അവൻ. അങ്ങിനെയായാൽ ഈ പരിശുദ്ധൻെറ തിരുസാന്നിദ്ധ്യത്തിലേക്കു അണഞ്ഞുവരുവാൻ ആർക്കാണ് ധൈര്യമുണ്ടാകുക? 'ആദംനെബിയും ഹവ്വമ്മയും' ദൈവം വിലക്കിയ പഴം ഭക്ഷിച്ചതിനാൽ അവർ എന്താണ് ചെയ്തതെന്നു നിങ്ങൾക്കറിയാമല്ലോ. അവർ ഭയപ്പെട്ടു ഓടി ഒളിക്കുകയല്ലേ ചെയ്തതു? (ഉല്പത്തി 3, 8). എന്നാൽ ഈസാനെബി ലോകത്തിന്നു വെളിപ്പെടുത്തിയ ദൈവനാമം എത്ര ആശ്വാസവും സന്തോഷവും ധൈര്യവും വരുത്തുന്ന ഒന്നാണ്. ദൈവത്തെ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നു വിളിപ്പാനാണ് ഈസാനെബി ലോകത്തെ പഠിപ്പിച്ചതു. ദൈവം നമ്മുടെ പാപങ്ങളെ ഈസാനെബി

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വർഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

## ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വർഷങ്ങൾ കുഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം.

യെ വിചാരിച്ചു ക്ഷമിച്ചു നമ്മെ സ്വീകരിക്കുന്ന പിതാവാണ്. ഈ അറിവു നമ്മെ ദൈവസന്നിധിയിൽനിന്നു അകറ്റുന്നതല്ല, തിരുസാന്നിദ്ധ്യത്തിലേക്കു നമ്മെ അടുപ്പിക്കുന്നതത്രെ. ഇത്ര സ്നേഹപൂർണ്ണവും ഹൃദയസ്പർശകവും പ്രത്യാശാജനകവുമായ ഈ ദൈവനാമം അൽകുർആനിൽ ഉണ്ടോ എന്നു നിങ്ങൾതന്നെ പരിശോധിപ്പിൻ. വിശുദ്ധ വേദപുസ്തകപ്രകാരം തൌറാത്തിൽ വെളിപ്പെട്ട ദൈവനാമത്തിന്റെ വികാസതയും പരിപൂർണ്ണതയും ഇഞ്ചീലിൽ കാണുന്നു. എന്നാൽ അൽകുർആനിൽ ഇപ്രകാരമുള്ള ഒരു വികാസതയും പൂർണ്ണതയും ഇല്ലെന്നു തന്നെയല്ല, അൽകുർആനിലെ ദൈവധാരണ വിശുദ്ധവേദപുസ്തകത്തിലുള്ള ദൈവധാരണയേക്കാൾ അപൂർണ്ണവും താണതും ആയിരിക്കുന്നു.

## ദൈവമായ യഹോവയുടെ നാമം.

## ബിസ്മില്ല.

അല്ലാന്റെ തിരുനാമത്തിൽ (അല്ലാന്റെ സഹായത്തോടുകൂടെ).

ദൈവമായ യഹോവയുടെ നാമം എന്നും (പുറപ്പാടു 20, 7); ജനങ്ങൾ അല്ലാനെക്കുറിച്ചു സംസാരിക്കുമ്പോൾ അവന്റെ നാമം (സങ്കീർത്തനം 148, 13) എന്നും; നിന്റെ നാമം എന്നും (യെശയ്യാവ് 63, 16); അൽള ജനങ്ങളോടു സംസാരിക്കുമ്പോൾ എന്റെ നാമം (പുറപ്പാടു 20, 24) എന്നും; പറയാറുള്ള പ്രയോഗങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽ

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| ദൈവമായ യഹോവയുടെ നാമം. | ബിസ്മില്ല. =അൽളാൻെറ തിരുനാമത്തിൽ (അൽളാൻെറ സഹായത്തോടുകൂടെ). |

അസംഖ്യമാകുന്നു. അൽളാൻെറ നാമം മഹത്തായതാകുന്നു (1 ശമുവേൽ 12, 22); അതു ആരാധിക്കേണ്ടതാണ് (1 ദിനവൃത്താന്തം 16, 8); അതു പരിശുദ്ധവും ഭയങ്കരവുമാണ് (സങ്കീത്തനം 111, 9); അതു മനോഹരമാകയാൽ ആ നാമത്തിന്നു കീത്തനം ചെയ്യേണ്ടതാകുന്നു (സങ്കീത്തനം 135, 3); അതു അത്ഭുതമാണ് (യെശയ്യാവ് 9, 6); അതു ഉന്നതമായിരിക്കുന്ന നാമമാണ് (യെശയ്യാവു 12, 4); ആ നാമത്തിൽ വിശ്വസിക്കുന്നവക്കു പാപമോചനം ലഭിക്കുന്നതാണ് (ലൂക്കോസ് 24, 47); തൻെറ നാമത്തോടു കാണിക്കുന്ന സ്നേഹം ദൈവം മറന്നുകളയാത്തവനാകുന്നു (എബ്രായർ 6, 10). ഇപ്രകാരമൊക്കെയും ദൈവനാമത്തെ കുറിച്ചു വിശുദ്ധ വേദപുസ്തകം ഉപദേശിക്കുന്നു.

ക്രിസ്തീയ വിശുദ്ധ വേദപുസ്തകത്തിൽ ദൈവനാമത്തോടു ചേത്തു പറഞ്ഞിരിക്കുന്ന വിശേഷണ പദങ്ങളെക്കാൾ ഉപരിയായിരിക്കുന്ന വല്ല പദങ്ങളും അൽകുർആനിൽ ഉപയോഗിച്ചിരിക്കുന്നുവോ എന്നു മുഹമ്മദീയ സ്നേഹിതന്മാരെ നിങ്ങൾ തന്നെ പരിശോധിച്ചു കണ്ടുപിടിപ്പിൻ. ഇല്ലാത്ത പക്ഷം അൽഫുക്കാനിലുള്ളതെല്ലാം വിശുദ്ധ വേദപുസ്തകത്തിലുള്ളതാണെന്നു ക്രിസ്ത്യാനികൾ

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
|---|---|
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വർഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വർഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |

വിചാരിക്കുന്നതിൽ നിങ്ങൾക്കു ആശ്ചര്യവും പരിഭവവും ഉണ്ടാവാൻ എന്തു കാരണം?

| | |
|---|---|
| ദൈവമായ യഹോവയുടെ നാമത്തിൽ. | അൽളാന്റെ തിരുനാമത്തിൽ (അൽളാന്റെ സഹായത്തോടുകൂടെ). |

ബിസ്മി ചൊല്ലി ഒരു മുഹമ്മദീയൻ സർവ്വവും അനുഷ്ഠിക്കേണ്ടതാണെന്നുള്ള ഉപദേശം ശ്ലാഘനീയമാണ്.

എന്നാൽ മുഹമ്മദ് നെബി ഈ ഉപദേശം അറബികളെ പഠിപ്പിക്കുന്നതിന്നു മുമ്പു, 570 വർഷങ്ങളോളം വിശുദ്ധ വേദപുസ്തകം, എല്ലാ കാര്യങ്ങളും ദൈവനാമത്തിലും ദൈവമഹത്വത്തിന്നായിട്ടും ചെയ്യേണം എന്നു ലോകത്തെ ഗ്രഹിപ്പിച്ചും ഉപദേശിച്ചുംകൊണ്ടിരുന്നു. "ആകയാൽ നിങ്ങൾ ഭക്ഷിച്ചാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിന്നായി ചെയ്വിൻ" (1 കൊരിന്ത്യർ 10, 31), "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പോഴും എല്ലാററിന്നു വേണ്ടിയും സ്തോത്രം ചെയ്തുംകൊണ്ടിരിപ്പിൻ" (എഫെസ്യർ 5, 20) എന്നീ വേദവാക്യങ്ങളാണ് ഇതിന്നു തെളിവു. മതപരമായ കാര്യങ്ങളിൽ താല്പര്യം കാണിച്ചു നിങ്ങളുടെ നെബിക്കു, കച്ചവടസംഘങ്ങളിലുണ്ടായിരുന്ന ഭക്തിയുള്ള യെഹൂദന്മാരും ക്രിസ്ത്യാനികളും, സകലവും അൽളാന്റെ

### വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

### ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം.

നാമത്തിൽ ചെയ്യേണ്ടതാണെന്നു ഒരു ബോധം വരുത്തിയിട്ടുണ്ടായിരിക്കാം. അഥവാ മുഹമ്മദ്നെബി അവരിൽനിന്നു അതു ഗ്രഹിച്ചിട്ടുണ്ടായിരിക്കാം.

"യഹോവ കരുണയും കൃപയും നിറഞ്ഞവൻ."

ഇർറഹ്മാനിർ റഹീം= ദയയും കരുണയും ഉള്ളവൻ.

അർറഹ്മാൻ എന്നതിനാൽ ദയയുടെ ആധിക്യവും അർറഹീം എന്നതിനാൽ അതിൻെറ ഇടവിടാതെയുള്ള ആവൎത്തനവും പ്രത്യക്ഷതയും ആണു് കുറിക്കുന്നതു്. മുഹമ്മദ്നെബി ഈ ശബ്ദങ്ങൾക്കു കൊടുത്തിരിക്കുന്ന അൎത്ഥം താഴെ കാണിക്കുന്നു. അർറഹ്മാൻ എന്നതിനാൽ ദൈവം ഈ ലോകത്തെ സൃഷ്ടിച്ചതിൽ പ്രദൎശിപ്പിച്ച ദയയും അർറഹീം എന്നതിനാൽ മനുഷ്യരുടെ പ്രവൃത്തികൾക്കനുസരിച്ചു ഇനിയത്തെ ലോകത്തിൽ പ്രത്യക്ഷമായ്വരുന്ന ദൈവത്തിൻെറ കരുണയും സൂചിപ്പിക്കുന്നു. അല്ലാ അർറഹ്മാനായതുകൊണ്ടാണു് മനുഷ്യന്നു ആവശ്യമുള്ളതൊക്കെയും സൌജന്യമായി അവനെ സൃഷ്ടിക്കുന്നതിന്നു മുമ്പായിട്ടു തന്നെ ക്രമപ്പെടുത്തിയതു. എന്നാൽ അല്ലാ മനുഷ്യൻെറ യോഗ്യതക്കനുസരിച്ചു കരുണ കാണിക്കുന്നതു് അർറഹീമായതുകൊണ്ടാണു്. അർറഹ്മാനായ അല്ലാ വിശ്വാസികളും അവിശ്വാസികളുമായവൎക്കു കാണിക്കുന്ന ദയയും, അർറഹീമായ അല്ലാ വിശ്വാസികളായവൎക്കു മാത്രം നല്കുന്ന, കരുണയും ആകുന്നു ഈ

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
|---|---|
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| "യഹോവ കരുണയും കൃപയും നിറഞ്ഞവൻ". | ഇർറഹ്മാനിർ റഹീം = ദയയും കരുണയും ഉള്ളവൻ. |

പദങ്ങൾ സൂചിപ്പിക്കുന്നതു്. ഇപ്രകാരമാണു് മൌലാന മൌൽവി മുഹമ്മദാലിയുടെ ഇംഗ്ലീഷുഭാഷയിലേക്കുള്ള അൽകുർ ആൻെറ തർജ്ജമയിൽ ഈ ശബ്ദങ്ങൾക്കു കൊടുത്തിരിക്കുന്ന അത്ഥം.

അൽള ദയയും കരുണയുമുള്ളവൻ എന്ന സത്യവും മുഹമ്മദ്നെബി വേദപുസ്തകത്തിൽനിന്നു ഗ്രഹിച്ചതായിരിക്കയില്ലയോ? വിശുദ്ധവേദപുസ്തകം ആദിയോടന്തം ദൈവം ദയയും കരുണയുമുള്ളവനാണെന്നുപദേശിക്കുന്നു. ഇതു സംബന്ധമായി മൂസാനെബിയുടെ കാലത്തുണ്ടായ ഉപദേശം ഇതായിരുന്നു. "എന്നെ സ്നേഹിച്ചു എൻെറ കല്പനകളെ പ്രമാണിക്കുന്നവക്കു ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യും" (പുറപ്പാടു 20, 6). ദാവൂദ്നെബിയുടെ കാലത്തിലും ഈ ഉപദേശം ശക്തിയോടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. "യഹോവ കരുണയും കൃപയും നിറഞ്ഞവൻ. ദീഘക്ഷമയും മഹാദയയും ഉള്ളവൻ തന്നെ. അവൻ നമ്മുടെ പാപങ്ങൾക്കു ഒത്തവണ്ണം നമ്മോടു ചെയ്യുന്നില്ല. നമ്മുടെ അതിക്രമങ്ങൾക്കു ഒത്തവണ്ണം നമ്മോടു പകരം ചെയ്യുന്നതുമില്ല. ആകാശം ഭൂമിക്കു മീതെ ഉയന്നിരിക്കുന്നതുപോലെ അവൻെറ ദയ അവൻെറ ഭക്തന്മാരോടു വലുതായിരിക്കുന്നു. ഉദയം അസ്തമയത്തോടു അകന്നിരി

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| "യഹോവ കരുണയും കൃപയും നിറഞ്ഞവൻ". | ഇർറഹ്മാനിർ റഹീം = ദയയും കരുണയും ഉള്ളവൻ. |

കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകററിയിരിക്കുന്നു (സങ്കീൎത്തനം 103, 8–12; 145, 8). ദൈവം ദയയും കരുണയുമുള്ളവനായി ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂൎയ്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴ വൎഷിപ്പിക്കുകയും ചെയ്യുന്നുവല്ലോ (മത്തായി 5, 45). "ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീൎഘക്ഷാന്തി എന്നിവയുടെ ഐശ്വൎയ്യം നിരസിക്കുന്നുവോ?" (റോമർ 2, 4). അല്ലാ ദയയും കരുണയുമുള്ളവനാണെന്നതിന്നു "അവൻ നന്മചെയ്കയും, ആകാശത്തുനിന്നു മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും നിങ്ങൾക്കു തരികയും ചെയ്തതിനാൽ തന്നെക്കുറിച്ചു സാക്ഷ്യം തരാതിരുന്നിട്ടില്ല" (അപ്പോസ്തല പ്രവൃത്തി 14, 17). ദൈവത്തിന്റെ ദയ എന്നേക്കുമുള്ളതു് എന്നു ഒരൊററ അദ്ധ്യായത്തിൽ തന്നെ 26 പ്രാവശ്യം ആവൎത്തിച്ചു പറഞ്ഞിരിക്കുന്നതു് വിശേഷാൽ പ്രസ്താവയോഗ്യമായ ഒരു സാക്ഷ്യമാണു്. അതു 136-ാം സങ്കീൎത്തനത്തിലാണുള്ളതു്.

ദൈവം കേവലം ദയയും കരുണയുമുള്ളവനാകുന്നു എന്നു ഗ്രഹിക്കുന്നതു് ഈസാനെബി മുഖാന്തിരമാണു്. കാരണം ഈസാനെബി "കൃപയും സത്യവും നിറഞ്ഞവ

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വർഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വർഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ് നെബിക്കു കിട്ടി ~~എന്നു വിചാരിച്ചുവരുന്ന~~ അൽഫാത്തിഹായിലെ ഉപദേശം. |
| "യഹോവ കരുണയും കൃപയും നിറഞ്ഞവൻ." | ഇർറഹ്മാനിർ റഹീം = ദയയും കരുണയും ഉള്ളവൻ. |

നായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവൻെറ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവൻെറ തേജസ്സായി കണ്ടു" എന്നു യോഹന്നാൻ അപ്പോസ്തലൻ സാക്ഷീകരിക്കുന്നു (1, 14). സാധുക്കൾ അനാഥർ, രോഗികൾ എന്നിവരോടു മനുഷ്യർ ദയയും കരുണയുമുള്ളവരാകുന്നു. എന്നാൽ അവർ തങ്ങളുടെ പുത്രീപുത്രന്മാരോടു ദയയും കരുണയും കാണിക്കുന്നു എന്നു തന്നെയുമല്ല അവരെ സ്നേഹിക്കുകയും കൂടെ ചെയ്യുന്നു. സ്നേഹം എന്നതു ദയയും കരുണയുമുള്ള മനോഭാവത്തെക്കാൾ എത്രയും ഉപരിയായതാണ്. ദൈവം ദയയും കരുണയുമുള്ളവനായിരിക്കുന്നു എന്നു തന്നെയുമല്ല അവൻ സ്നേഹവും കൂടെ ആകുന്നു. (1 യോഹന്നാൻ 4, 8–16). ദൈവത്തിന്നു സ്നേഹം ഉണ്ടു എന്നു തന്നെയല്ല, അവൻ തന്നെ സ്നേഹം ആകുന്നു എന്നാണ് വിശുദ്ധവേദപുസ്തകം മനുഷ്യരെ ഉപദേശിക്കുന്നത്. മനുഷ്യവംശത്തോടു ദൈവത്തിന്നു സ്നേഹമുണ്ടെന്നതിന്നുള്ള തെളിവു എന്താണ്? ആ സ്നേഹം നാം എങ്ങിനെയാണ് അറിയുന്നത്? ദൈവം തൻെറ ഏകജാതനായ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാനും നാം അവനാൽ ജീവിക്കേണ്ടതിന്നും ലോകരക്ഷിതാവായിട്ടു നമുക്കു അയച്ചുതന്നതിൽ ദൈവത്തിന്നു നമ്മോ

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വർഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വർഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| "യഹോവ കരുണയും കൃപയും നിറഞ്ഞവൻ". | ഇർറഹ്മാനിർ റഹീം = ദയയും കരുണയും ഉള്ളവൻ. |

ട്ടുള്ള സ്നേഹം പ്രത്യക്ഷമായ്വന്നിരിക്കുന്നു (1 യോഹന്നാൻ 4, 9–14).

ഇപ്രകാരമുള്ള ദൈവസ്നേഹത്തിന്റെ പ്രത്യക്ഷതക്കു ഒരു തെളിവു അൽകുർആനിൽനിന്നെടുത്തു ലോകത്തിന്നു കാണിപ്പാൻ മുഹമ്മദീയ സ്നേഹിതന്മാരെ നിങ്ങൾക്കു വല്ലതും ഉണ്ടോ?

ബിസ്മില്ല എന്ന പദം എത്രത്തോളം വിശുദ്ധ വേദപുസ്തകത്തെ ആശ്രയിച്ചിരിക്കുന്നു എന്നു നാം നിരൂപണം ചെയ്ത ശേഷം, അൽഫാത്തിഹായിലെ ഏഴ ആയത്തുകളും വിശുദ്ധ വേദപുസ്തകത്തിലെ ധാരണകളിൽ ആധാരപ്പെട്ടിരിക്കുന്നുണ്ടോ എന്നു നമുക്കു പരിശോധിക്കാം. അതിന്നു ശേഷം മുഹമ്മദീയ സ്നേഹിതന്മാരെ, നിങ്ങൾ തന്നെ വിധി പറവിൻ.

| വിശുദ്ധ വേദപുസ്തകവും. | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |

## 5. അൽഫാത്തിഹായിലെ ആയത്തുകൾ.

| | ആയത്ത് ഒന്നു. |
| --- | --- |
| | **അൽഹംന്തുലില്ലാഹി റബ്ബിൽ ആലമീൻ=** |
| | സൎവ്വ ലോകങ്ങളുടെ കൎത്താവായ അൽളാന്നു എല്ലാ കീൎത്തിയും ഉണ്ടായിരിക്കട്ടെ. |
| "ദൈവത്തിന്നു സ്തുതി പാടുവിൻ, സ്തുതി പാടുവിൻ. നമ്മുടെ രാജാവിന്നു സ്തുതി പാടുവിൻ. ദൈവം സൎവ്വ ഭൂമിക്കും രാജാവാകുന്നു. ഒരു ചാതുൎയ്യകീൎത്തനം പാടുവിൻ" (സങ്കീൎത്തനം 47, 6. 7). | |

അൽളാന്നു സൎവ്വ കീൎത്തിയും ഉണ്ടായിരിക്കട്ടെ എന്ന അൽഫാത്തിഹായിലെ ഒന്നാം ആയത്തിൻെറ സാരം തന്നെയാകുന്നു വിശുദ്ധ വേദപുസ്തകം, മുഹമ്മദ്നെബിക്കു മുമ്പുതന്നെ, എത്രയോ കാലത്തോളം ജനങ്ങളെ ഗ്രഹിപ്പിച്ചതു്. അതുകൊണ്ടത്രെ മൂസാ നെബിയും ബനിസ്രായേലും ഫറവോൻെറ അടിമപ്പാടിൽനിന്നു അതിശയകരമായ വിധത്തിൽ രക്ഷപ്പെട്ടു, ചെങ്കടൽ കടന്നതിൽപിന്നെ യഹോവെക്കു സങ്കീൎത്തനം പാടി സ്തുതിച്ചതു്. അൽളാവെ സ്തുതിക്കുന്നതു് മുഹമ്മദ് നെബി ലോകത്തിൽ ജനിക്കുന്ന

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

## ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി ~~എന്നു വിചാരിച്ചുവരുന്ന~~ അൽഫാത്തിഹായിലെ ഉപദേശം.

തിന്നു 2060 വൎഷങ്ങൾക്കു മുമ്പു ജീവിച്ച ബനിഇസ്രായേലിൻെറ പതിവായിരുന്നു (പുറപ്പാടു 15-ാം അദ്ധ്യായം). ദൈവത്തിന്നു സ്തുതി പാടേണം എന്നു വിശുദ്ധ വേദപുസ്തകം ഉപദേശിക്കുന്നു. “ദൈവത്തിന്നു സ്തുതി പാടുവിൻ. അവൻെറ നാമത്തിന്നു സ്തുതി പാടുവിൻ” (സങ്കീൎത്തനം 47, 6. 7); “നമ്മുടെ ദൈവത്തിന്നു കീൎത്തനം പാടുന്നതു നല്ലതു; അതു മനോഹരവും സ്തുതി ഉചിതവും തന്നേ.” തൌറാത്തിലും സ്സബൂറിലും കൂടാതെ ഇഞ്ചീലിലും കൂടെ ഈ സത്യം കാണുന്നു എന്നു തെളിയിപ്പാൻ വേദാംശങ്ങളുണ്ടു (എഫെസ്യർ 3, 21). വിശുദ്ധ വേദപുസ്തകത്തിലെ അവസാന ഗ്രന്ഥമായ വെളിപ്പാടിലും (7, 12) ഇതേ സത്യം ഗൌരവമായി ഉപദേശിക്കപ്പെട്ടിരിക്കുന്നു. “നമ്മുടെ ദൈവത്തിന്നു എന്നന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും; ആമേൻ എന്നു പറഞ്ഞു ദൈവത്തെ നമസ്കരിച്ചു.”

അൽഫാത്തിഹായിലെ ഒന്നാം ആയത്തിനേക്കാൾ എത്ര മഹത്തായതാകുന്നു മേൽ പ്രസ്താവിക്കപ്പെട്ട വാക്യം എന്നതിന്നു രണ്ടഭിപ്രായം ഉണ്ടാവാൻ തരമില്ല. മുഹമ്മദിയ സ്നേഹിതന്മാരേ! നിങ്ങൾക്കു എന്തു തോന്നുന്നു?

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

## ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി ~~എന്നു വിചാരിച്ചുവരുന്ന~~ അൽഫാത്തിഹായിലെ ഉപദേശം.

'സകലവും ഉണ്ടാക്കിയ ദൈവം.'

റബ്ബിൽ ആലമീൻ= സവ്വ ലോകങ്ങളുടെയും കത്താവു.

അൽഫാത്തിഹായിലെ ലോകങ്ങൾ എന്നതിനാൽ മലക്കുകളുടെയും മനുഷ്യരുടെയും ജിന്നുകളുടെയും ലോകങ്ങൾ എന്നാണ് തെഫ്സീറുകാർ (വ്യാഖ്യാനകത്താക്കൾ) അഭിപ്രായപ്പെടുന്നതു്.

ദൈവമാണല്ലൊ സവ്വഭൂമികളുടെ സ്രഷ്ടാവും, പരിപാലകനും ന്യായാധിപനും. ഇതാകുന്നു വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. അതിലെ ആദ്യവാക്യം ഇപ്രകാരമാണ്. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പത്തി 1, 1). "ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവം" (അപ്പോസ്തല പ്രവൃത്തി 4, 24). ദൈവം സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല കുടുംബത്തിന്നും പേർ വരുവാൻ കാരണമായ പിതാവാകുന്നു (എഫേസ്യർ 3, 14). "സ്വല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും യേശുവിൻെറ നാമത്തിൽ മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കത്താവു എന്നു പിതാവായ ദൈവത്തിൻെറ മഹത്വത്തിന്നായി ഏറ്റുപറകയും ചെയ്യേണ്ടിവരും" (ഫിലിപ്പ്യർ 2, 10. 11).

### വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

### ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം.

### സകലവും ഉണ്ടാക്കിയ ദൈവം.

### റബ്ബിൽ ആലമീൻ.

മുഹമ്മദീയ സ്നേഹിതന്മാരേ! അൽഫാത്തിഹായിലെ ഒന്നാം ആയത്തിലെ സംഗതിയും വിശുദ്ധ വേദപുസ്തകത്തിലെ അതു സംബന്ധമായ വാക്യങ്ങളും നിങ്ങൾ വായിച്ചുവല്ലോ. ഇപ്പോൾ നിങ്ങൾക്കു എന്തു തോന്നുന്നു? അൽഫാത്തിഹ ലഭിക്കുന്നതിന്നു മുമ്പു 570 വൎഷങ്ങളോളം പ്രചാരത്തിലുണ്ടായിരുന്നതും ഇന്നയോളം പ്രചാരത്തിലുള്ളതുമായ വിശുദ്ധ വേദപുസ്തകത്തിലുള്ളതല്ലാതെ മററെന്തൊന്നാകുന്നു അതിലുള്ളതു്?

---

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

## ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം.

ദൈവം ദയയും കരുണയുമുള്ളവൻ.

ആയത്ത് രണ്ടു

അർറഹ്മാനിർ റഹീം= ദയയും കരുണയുമുള്ളവൻ.

ബിസ്മില്ലായെ കുറിച്ചു എഴുതിയ ഭാഗം നോക്കുക.

വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശത്തിന്നു ഉപരിയായിട്ടുള്ള എന്തൊരുപദേശമാണ് രണ്ടാം ആയത്തിലുള്ളതു്? അൽകുർ ആന്റെ സാരമായ അൽഫാത്തിഹായിലെ ഓരോ ആയത്തിന്റെ നില ഇപ്രകാരമാണെങ്കിൽ അൽകുർ ആനിലെ ശേഷം സൂറത്തുകൾക്കു എന്തൊരു വിശേഷതയാണ് കല്പിപ്പാനുണ്ടാകുക! മുഹമ്മദീയ സ്നേഹിതന്മാരെ, നിങ്ങൾ മുൻവിധി കൂടാതെ ഒന്നു ആലോചിച്ചു നോക്കുവിൻ.

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| | ആയത്ത് മൂന്നു.<br>**മാലികി യൌമിദ്ദീൻ**=<br>പ്രതിഫലം കൊടുക്കുന്ന ദിവസത്തിൻെറ യജമാനൻ അഥവാ രാജാവു. |

ദൈവം യജമാനനും രാജാവും ആണെന്നു വിശുദ്ധ വേദപുസ്തകം ഉപദേശിക്കുന്നു എന്നതിന്നു പ്രമാണമായി ചില വാക്യങ്ങൾ താഴെ ചേൎക്കുന്നു. “മകൻ അപ്പനേയും ദാസൻ യജമാനനേയും ബഹുമാനിക്കേണ്ടതല്ലൊ. ഞാൻ അപ്പൻ എങ്കിൽ എന്നോടുള്ള ബഹുമാനം എവിടെ? ഞാൻ യജമാനൻ എങ്കിൽ എന്നോടുള്ള ഭക്തി എവിടെ? എന്നു സൈന്യങ്ങളുടെ യഹോവ ... ചോദിക്കുന്നു” (മലാഖി 1, 6).

ദൈവം രാജാവാകുന്നു എന്നതും വിശുദ്ധ വേദപുസ്തകം ഉപദേശിക്കുന്നു. “നിത്യരാജാവായി അക്ഷയനും അദൃശ്യനുമായ ഏകദൈവത്തിന്നു എന്നന്നേക്കും ബഹുമാനവും മഹത്വവും ആമേൻ” (1 തിമോത്ഥ്യൻ 1, 17). “ധന്യനായ ഏകാധിപതിയും രാജാധിരാജാവും കൎത്താധികൎത്താവും താൻ മാത്രം അമൎത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായവൻ തക്ക സമയത്തു ആ പ്രത്യക്ഷത വരുത്തും. അവന്നു ബഹുമാനവും നിത്യബലവും ഉണ്ടാകട്ടെ. ആമേൻ” (1. തിമോത്ഥ്യ. 6, 15. 16).

ദൈവത്തെപോലെ ഈസാനെബിയും, രാജാധിരാജാ

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി ~~എന്നു വിചാരിച്ചുവരുന്ന~~ അൽഫാത്തിഹായിലെ ഉപദേശം. |
| | ആയത്ത് മൂന്നു. |

വും കൎത്താധികൎത്താവും ആണെന്നു വെളിപ്പാട 19, 11 – 16 വരെയുള്ള ഭാഗം തെളിയിക്കുന്നു.

ദൈവം ഓരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കു തക്ക പ്രതിഫലം കൊടുക്കുന്നവനാകുന്നു എന്നതും വിശുദ്ധ വേദപുസ്തകത്തിന്റെ ഉപദേശമാകുന്നു. "ദുഷ്ടന്നു അയ്യോ കഷ്ടം! അവന്നു ദോഷം വരും. അവന്റെ പ്രവൃത്തികളുടെ ഫലം അവനും അനുഭവിക്കും" (യെശയ്യാവു 3, 11). "സകല ജാതികൾക്കും യഹോവയുടെ നാൾ അടുത്തിരിക്കുന്നു. നീ ചെയ്തിരിക്കുന്നതുപോലെ നിന്നോടും ചെയ്യും. നിന്റെ പ്രവൃത്തി നിന്റെ തലമേൽ തന്നെ വരും" (ഒബദ്യാവു 15-ാം വാക്യ). "ഓരോരുത്തന്നു താന്താന്റെ അദ്ധ്വാനത്തിന്നു ഒത്തവണ്ണം കൂലി കിട്ടും" (1. കൊരിന്ത്യർ 3, 8). "ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു" (വെളിപ്പാട 22, 12).

പ്രതിഫലം കിട്ടുന്ന ദിവസത്തിന്നു ന്യായവിധിയുടെ ദിവസമെന്നാണ് പേരുള്ളത്. അന്നാളിൽ നീതിമാന്മാൎക്കും (സങ്കീ. 58, 11; 1. യോഹന്നാൻ 4, 17) ദുഷ്ടൎക്കും (സങ്കീൎത്തനം 91, 8; 2. പത്രോസ് 2, 9. 10; 3, 7) പ്രതിഫലം ലഭിക്കും.

മുഹമ്മദീയ സ്നേഹിതന്മാരെ! അൽഫാത്തിഹായിലെ മൂന്നാം ആയത്തിന്നു എന്തൊരു വിശേഷതയുണ്ടെന്നാണ്

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വർഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

## ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വർഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം.

ആയത്ത് മൂന്നു.

നിങ്ങൾക്കു തോന്നുന്നതു? അതിന്റെ സാരവും നെബി ജനിക്കുന്നതിന്നു മുമ്പു 570 വർഷങ്ങളോളം വിശുദ്ധ വേദപുസ്തകം ലോകത്തെ ഗ്രഹിപ്പിച്ചതല്ലയോ? അടിസ്ഥാനത്തോടു കൂടിയ തെളിവു നോക്കി നിങ്ങൾ ഒരു വിധി പറവിൻ. വിശുദ്ധ വേദപുസ്തകത്തിന്നുപരിയായി എന്തൊന്നാണ് അൽഫാത്തിഹായിലുള്ളതു?

---

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

13053

## ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം.

ആയത്ത് നാലു.

**ഇയ്യാക്കന എബുദ്ദു വ ഇയ്യാക്കന സ്തയിൻ=**

ഞങ്ങൾ അങ്ങയെ വണങ്ങുന്നു (സേവിക്കുന്നു). ഞങ്ങൾ സഹായത്തിന്നായി അങ്ങയോടു അപേക്ഷിക്കുന്നു.

"എന്റെ മക്കളെ, ഇപ്പോൾ ഉപേക്ഷ കാണിക്കരുത്. തന്നെ ശുശ്രൂഷിക്കേണ്ടതിന്നും തന്റെ സന്നിധിയിൽ നില്പാനും (വണങ്ങേണ്ടതിന്നും) തനിക്കു ശുശ്രൂഷകരായി ധൂപം കാട്ടുവാനും യഹോവ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നുവല്ലോ" (2. ദിനവൃത്താന്തം 29, 11). "സകല രാജാക്കന്മാരും അവനെ നമസ്കരിക്കട്ടെ. സകല ജാതികളും അവനെ സേവിക്കട്ടെ" (സങ്കീൎത്തനം 72, 11).

ഈ കല്പനക്കനുസരിച്ച് ഓരോരുത്തരായും സമൂഹങ്ങളായും ദൈവത്തെ വണങ്ങിയതിന്നു അനവധി ദൃഷ്ടാന്തങ്ങൾ വിശുദ്ധ വേദപുസ്തകത്തിലുണ്ട്.

സഹായത്തിന്നായിട്ടു ഭക്തൻ ദൈവത്തോടു കഴിക്കുന്ന യാചനയുടെ സ്വഭാവമറിവാൻ 31-ാം സങ്കീൎത്തനം വായിച്ചുനോക്കുന്നതു നന്നായിരിക്കും.

അൽഫാത്തിഹായിലെ നാലാം ആയത്തിന്നു എന്തൊരു വിശേഷതയാണുള്ളത് എന്നു മുസ്ലീം സ്നേഹിതന്മാരെ നിങ്ങൾ തന്നെ കാണിപ്പിൻ. വിശുദ്ധ വേദപുസ്തകത്തിലില്ലാത്തതു വല്ലതും അതിലുണ്ടോ?

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വർഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വർഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| | ആയത്ത് അഞ്ചു. ഇഹ്ദിന സ്സിറാത്തൽ മുസ്തഖീം= |
| 'ദൈവമേ ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ'. | ഞങ്ങളെ നേരായ മാർഗ്ഗത്തിൽ നടത്തേണമേ. 'പ്രാർത്ഥനയുടെ സൂറ'യിലുള്ള കാര്യമായ അപേക്ഷ ഇതത്രെ. |

വിശുദ്ധ വേദപുസ്തകത്തിൽ പ്രസ്താവിക്കപ്പെട്ട ദൈവഭക്തന്മാരുടെ അപേക്ഷ ഇതു തന്നെയായിരുന്നു. "നിൻെറ നാമം നിമിത്തം എന്നെ നടത്തി പാലിക്കേണമേ" (സങ്കീർത്തനം 31, 3). "ദൈവമേ എന്നെ ശോധന ചെയ്തു എൻെറ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എൻെറ നിനവുകളെ അറിയേണമേ; വ്യസനത്തിന്നുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ" (സങ്കീർത്തനം 139, 23. 24).

ഈ അപേക്ഷ കഴിക്കുന്നതിന്നു തക്കതായ കാരണം ദൈവഭക്തനുണ്ടു്. അവനെ നേരായ മാർഗ്ഗത്തിൽനിന്നു തെററിക്കുന്ന ദുഷ്ടമനുഷ്യരും ഇബിലീസും മററനേക ദുർശ്ശക്തികളുമുണ്ടല്ലോ. അനേക കള്ളപ്രവാചകന്മാരും ലോകത്തിൽ അതതു കാലത്തുണ്ടായിട്ടുണ്ടു്. കള്ളപ്രവാചകന്മാരുടെ ദുരുപദേശങ്ങൾ ശ്രദ്ധിച്ചതുനിമിത്തം ബനിസ്രായേൽ അനവധി നഷ്ടകഷ്ടങ്ങൾ അനുഭവിക്കേണ്ടിവന്നിരുന്നു. അതുകൊണ്ടു ദൈവഭക്തൻ, തന്നേയും മററുള്ളവ

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

## ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി ~~എന്നു വിചാരിച്ചുവരുന്ന~~ അൽഫാത്തിഹായിലെ ഉപദേശം.

ആയത്ത് അഞ്ചു.

രെയും ദൈവം നടത്തേണം എന്നു ആശംസിച്ചു. “യഹോവ നിന്നെ എല്ലായ്പോഴും നടത്തുകയും വരണ്ട നിലത്തിലും നിന്റെ വിശപ്പടക്കി നിന്റെ അസ്ഥികളെ ബലപ്പെടുത്തുകയും ചെയ്യും” (യെശയ്യാവു 58, 11). ഭക്തന്റെ ഈ പ്രാൎത്ഥനക്കനുസരിച്ചു താൻ പ്രവൃത്തിക്കുന്നതായിരിക്കും എന്നു ദൈവം വാഗ്ദത്തം ചെയ്യുന്നു. “ഞാൻ നിന്നെ ഉപദേശിച്ചു, നടക്കേണ്ടുന്ന വഴി ഞാൻ നിനക്കു കാണിച്ചുതരും; ഞാൻ നിന്റെ മേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞുതരും” (സങ്കീൎത്തനം 32, 8). താൻ നടത്തും എന്നു അവൻ വാഗ്ദത്തം ചെയ്തിരിക്കുന്നു എന്നു തന്നെയല്ല അപ്രകാരം നിവൃത്തിച്ചിട്ടുള്ളവനുമാകുന്നു ദൈവം. ബനിസ്രായേലിന്റെ അനുഭവം അതായിരുന്നു. “അവർ പാൎപ്പാൻ തക്ക പട്ടണത്തിൽ ചെല്ലേണ്ടതിന്നു അവൻ അവരെ ചൊവ്വെയുള്ള വഴിയിൽ നടത്തി” (സങ്കീൎത്തനം 107, 7). ഇബ്രാഹീം നെബിയുടെ ദാസന്റെ അനുഭവവും ഇതുതന്നെയായിരുന്നു. “ഞാൻ കുനിഞ്ഞു യഹോവായെ നമസ്കരിച്ചു, എന്റെ യജമാനന്റെ സഹോദരന്റെ മകളെ അവന്റെ മകനായിട്ടു എടുപ്പാൻ എന്നെ നേർവഴിക്കു കൊണ്ടുവന്നവനായി എന്റെ യജമാനൻ അബ്രഹാമിന്റെ ദൈവമായ യഹോവയെ വാഴ്ത്തുകയും ചെയ്തു” (ഉല്പത്തി 24, 48).

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| | ആയത്ത് അഞ്ചു. |

ഏതു മതത്തിലും ഉള്ള സത്യതല്പരന്മാരെയും, ദൈവത്തെ പ്രസാദിപ്പിപ്പാനുള്ള സത്യമാൎഗ്ഗം അന്വേഷിക്കുന്നവരെയും, "ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു" (യോഹന്നാൻ 14, 6) എന്നും "സത്യതല്പരന്മാർ എന്റെ ശബ്ദം കേൾക്കും" (യോഹന്നാൻ 18, 37) എന്നും പ്രസ്താവിച്ചിരിക്കുന്ന ഈസാനെബിയിലുള്ള വിശ്വാസത്തിങ്കലേക്കു ദൈവം വഴിനടത്തുന്നു എന്നതിന്നു സ്വന്തമതപ്രകാരം യഥാൎത്ഥികളായിരുന്ന റോമശതാധിപനായ കൊൎന്നേല്യോസിന്റെ ചരിത്രവും (അപ്പോസ്തലപ്രവൃത്തി 10-ാം അദ്ധ്യായം) യെഹൂദനായ ശൌലിന്റെ ചരിത്രവും (അപ്പോസ്തലപ്രവൃത്തി 9-ാം അദ്ധ്യായം) ഹിന്തുവായിരുന്ന സാധുസുന്ദരസിംഗിന്റെ ചരിത്രവും, മുഹമ്മദീയനായിരുന്ന എ. ഡി. ഖാൻ സഹോദരന്റെ ചരിത്രവും ദൃഷ്ടാന്തങ്ങളത്രെ.

മുസ്ലീം സ്നേഹിതന്മാരെ! അൽഫാത്തിഹായിലെ അഞ്ചാം ആയത്തിലെ അപേക്ഷക്കു എന്തൊരു വിശേഷതയാണുള്ളതു്? എന്നാൽ വിശുദ്ധ വേദപുസ്തകത്തിലുള്ള ഇതുസംബന്ധമായ പ്രാൎത്ഥനയും അതിന്നുള്ള അല്ലാവിന്റെ വാഗ്ദത്തവും അതിന്നനുസരിച്ചു ദൈവഭക്തന്മാരുടെ യഥാൎത്ഥ അനുഭവവും എത്ര മഹത്തായതാണെന്നു പറവാൻ നിങ്ങൾക്കു ഉൾനിൎബ്ബന്ധം ഉണ്ടാകുന്നില്ലയൊ?

---

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ് നെബി ജനിക്കുന്നതിന്നു 570 വഷ്ങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

## ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വഷ്ങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ് നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം.

### ആയത്ത് ആറു.

### സിറാത്തല്ലദീന അൻഅംത അലയഹിം=

അങ്ങുന്നു ആക്കു കരുണ കാണിച്ചിരിക്കുന്നുവോ (സഹായം ചെയ്തിരിക്കുന്നുവോ) അവരുടെ പാതയിൽ.

ദൈവം കരുണ കാണിച്ചിരിക്കുന്ന ആളുകൾ നാലു തരക്കാരാകുന്നു എന്നു ഒരു അൽകുർആൻ വ്യാഖ്യാനകത്താവു പ്രസ്താവിക്കുന്നു. അദ്ദേഹം അതിന്നു അടിസ്ഥാനമായി എടുക്കുന്നതു് അൻനിസ്സ എന്ന നാലാമത്തെ സൂറത്ത് 69-ാം ആയത്താണ്. പ്രവാചകന്മാരിൽനിന്നും, സത്യവാന്മാരിൽനിന്നും, വിശ്വസ്തന്മാരിൽനിന്നും, നീതിമാന്മാരിൽനിന്നും ഉള്ളവരുടെ സംഘത്തിൽ പെട്ടവർ.

ആറാം ആയത്തിൽ അന്തഭ്വവിച്ചു കിടക്കുന്ന നാലു തരക്കാർ എന്നപോലെ ഈസാനെബിയോടും തന്റെ ഉമ്മത്തികളോടും ഇടപെടുന്ന ചില പരിഷകളെക്കുറിച്ചു ഇഞ്ചീലിൽ മത്തായിസുവിശേഷം 10, 40—42 വരെയുള്ള ഭാഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു. "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. പ്രവാചകൻ എന്നുവെച്ചു പ്രവാചകനെ കൈക്കൊള്ളുന്നവനു പ്രവാചകന്റെ പ്രതിഫലം ലഭിക്കും; നീതിമാൻ എന്നുവെച്ചു നീതി

**വിശുദ്ധ വേദപുസ്തകവും**

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

**ഉമ്മുൽ കുർആനും.**

ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം.

ആയത്ത് ആറ്.

മാനെ കൈക്കൊള്ളുന്നവന്നു നീതിമാൻെറ പ്രതിഫലം ലഭിക്കും. ശിഷ്യൻ എന്നുവെച്ചു ഈ ചെറിയവരിൽ ഒരുത്തന്നു ഒരു പാനപാത്രം തണ്ണീർ മാത്രം കൊടുക്കുന്നവന്നു പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."

ദൈവം എല്ലാ മനുഷ്യരുടെയും പാതകളെ സൂക്ഷിച്ചു നോക്കുന്നു (യോബ് 33, 11). അതുകൊണ്ടു ഈ നാലു കൂട്ടത്തിൽ പെട്ട ഓരോരുത്തനോടും വിശുദ്ധ വേദപുസ്തകം ഉപദേശിക്കുന്നതോ: "നിൻെറ എല്ലാ വഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിൻെറ പാതകളെ നേരെയാക്കും" (സദൃശങ്ങൾ 3, 6) എന്നാകുന്നു. ദൈവഭക്തന്മാരുടെ വഴി അനുകരിപ്പാൻ അവരോടാവശ്യപ്പെടുന്നു. "അതുകൊണ്ടു നീ സജ്ജനത്തിൻെറ വഴിയിൽ നടന്നു നീതിമാന്മാരുടെ പാതകളെ പ്രമാണിച്ചുകൊൾക" (സദൃശങ്ങൾ 2, 20). ശരിയായ പാതയിൽ തങ്ങളെ നടത്തുവാൻ ഇവരിൽ ഓരോരുത്തനും ദൈവത്തോടു പ്രാൎത്ഥിക്കുന്നു. "യഹോവയേ, നിൻെറ വഴി എന്നെ കാണിക്കേണമേ; എൻെറ ശത്രുക്കൾ നിമിത്തം നേരെയുള്ള വഴിയിൽ എന്നെ നടത്തേണമേ." അങ്ങിനെത്ത ഓരോ ഭക്തനേയും ദൈവം വിശുദ്ധവേദപുസ്തകം മുഖേന അവൻ നടക്കേണ്ടുന്ന വഴിയിൽ അവനെ പ്രകാശിപ്പിക്കുന്നു. "നിൻെറ വചനം എൻെറ കാലിന്നു ദീപവും എൻെറ പാതക്കു പ്രകാശവും

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വർഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വർഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| | ആയത്ത് ആറു |

ആകുന്നു" (സങ്കീർത്തനം 119, 105). അതിനാൽ ഭക്തൻ "നീതിയും, ന്യായവും, നേരും, സകല സന്മാർഗ്ഗവും ഗ്രഹിക്കും" (സദൃശവാക്യങ്ങൾ 2, 9). അങ്ങിനെയുള്ളവർക്കു ദൈവം കരുണ കാണിക്കയും അവരെ സഹായിക്കയും ചെയ്യും. "ജീവൻെറ വഴി നീ എനിക്കു കാണിച്ചുതരും" (സങ്കീർത്തനം 16, 11).

മുസ്ലീം സ്നേഹിതന്മാരേ, അൽഫാത്തിഹായിലെ ആറാം ആയത്തിന്നു അടിസ്ഥാനമെന്താകുന്നു? വിശുദ്ധ വേദപുസ്തകത്തിലുള്ളതിനേക്കാൾ വിശേഷിച്ചെന്തൊന്നാണതിലുള്ളത്? ദൈവം കരുണ കാണിച്ചു സഹായിച്ചവരുടെ വഴി അറിയേണ്ടതിന്നു വിശുദ്ധ വേദപുസ്തകം പാരായണം ചെയ്തു പഠിപ്പിൻ.

---

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
|---|---|
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടിയ എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| | ആയത്ത് ഏഴു. |
| | ഗൊയിറിൽ മഹദൂബി അലയ്ഹിംവലദ്ദാലീൻ= |
| | ആരുടെ നേരെ ക്രോധം വരുത്തിയോ അല്ല ആർ വഴി തെററിയോ അവരുടെ (വഴിയിൽ) അല്ല. |

യെഹൂദന്മാരുടെ ശാഠ്യവും അനുസരണക്കേടും നിമിത്തം ദൈവത്തിൻെറ ക്രോധം അവരുടെ മേൽ ചൊരിഞ്ഞു. ക്രിസ്ത്യാനികൾ ഇസാനെബിയെ ദൈവമായി സ്വീകരിച്ചതുകൊണ്ടു അവർ വഴി പിഴെച്ചുപോയി. ഇപ്രകാരമാണ് ഈ ആയത്തിൻെറ അത്ഥമായി വ്യാഖ്യാനികൾ പ്രസ്താവിക്കുന്നതു്.

ഈസാനെബി ദൈവമാണെന്നു ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതിനാൽ അവർ വഴി തെററിപ്പോയോ? അല്ല ഈ വിശ്വാസം സ്വീകരിക്കുന്നതിനാൽ അവർ വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നുവോ എന്നു അറിവാൻ:—

## ഈസാനെബി ദൈവമാണെന്നതിന്നു പ്രമാണമുണ്ടോ?

എന്ന തലക്കെട്ടോടുകൂടിയതും മുഹമ്മദീയ സ്നേഹിതന്മാരെ പ്രത്യേകം ഉദ്ദേശിച്ചുംകൊണ്ടു എഴുതിയതുമായ ലഘുപത്രിക വായിച്ചുനോക്കിയാൽ കാര്യം ഗ്രഹിക്കാവുന്നതാണ്.

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

## ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം.

ആയത്ത് ഏഴ്.

ഈ ചെറുലേഖനം ബാസൽ മിശ്യൻ സുവിശേഷപ്രവൎത്തകന്മാരിൽനിന്നും, കേനറാ മിശ്യൻ പ്രസ്സിൽനിന്നും (മംഗലപുരം) കിട്ടാവുന്നതാണ്.

“വിശ്വാസികൾക്കും, യെഹൂദന്മാൎക്കും, ക്രിസ്ത്യാനികൾക്കും, സബിയന്മാൎക്കും, അൽളാവിലും ആഹിരത്തിൻനാളിലും വിശ്വസിക്കുന്നവൎക്കും, നന്മചെയ്യുന്നവൎക്കും തങ്ങളുടെ റബ്ബിൽനിന്നു പ്രതിഫലം നിശ്ചയമായിട്ടും ഉണ്ടായിരിക്കും. അവർ ഭയപ്പെടുവാനും ഖേദിപ്പാനും ആവശ്യമില്ല.” (സൂറത്തൽ ബകപറ 62-ാം ആയത്ത്). മുഹമ്മദ്നെബിക്കു മുമ്പും നെബിയുടെ കാലത്തും നെബിയുടെ കാലശേഷവും നാളിതുവരെയുമുള്ള ക്രിസ്ത്യാനികൾ ഈസാനെബി ദൈവമാണെന്നു വിശ്വസിച്ചുകൊണ്ടിരിക്കുന്നവരാണ്. അവൎക്കും തങ്ങളുടെ റബ്ബിൽനിന്നു അവരുടെ വിശ്വാസം, സൽപ്രവൃത്തികൾ എന്നിവകൾ വേണ്ടി പ്രതിഫലം ലഭിക്കും എന്നു അൽകുർആനിൽ പ്രസ്താവിക്കുന്നു. യെഹൂദന്മാരോടും നസ്സാറാക്കളോടും നല്ല മമതയിൽ ഇരിക്കുമ്പോൾ അവരെക്കുറിച്ചു മുഹമ്മദ്നെബി ഗുണം പറയുകയും അവരുമായി ശത്രുതയിലിരിക്കുമ്പോൾ അവരെക്കുറിച്ചു ദോഷം പറയുകയും ചെയ്തു എന്നാണോ ക്രിസ്ത്യാനികൾ വിചാരിക്കേണ്ടതു്? ഈസാനെബി ദൈവമാണെന്ന വിശുദ്ധവേദപുസ്തകത്തിലെ സ്പഷ്ടമായ ഉപദേശം ഞങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ അൽകുർആൻെറ ആക്ഷേപ

ത്തിന്നു ഞങ്ങൾ പാത്രീഭവിക്കും. സൂറത്തൽമയിദ് എന്ന അഞ്ചാം സൂറത്ത് അറുപത്തെട്ടാം ആയത്ത് ഇതിന്നു തെളിവാണ്. "പുസ്തകത്തിൻെറ ജനങ്ങളേ (യെഹൂദിയാകളും നസ്സാറാക്കളുമായുള്ളോരേ), നിങ്ങളുടെ കൎത്താവിങ്കൽ നിന്നു നിങ്ങൾക്കു വെളിപ്പെട്ടിരിക്കുന്ന തൌറാത്തിന്മേലും സുവിശേഷത്തിന്മേലും നിങ്ങൾ അടിസ്ഥാനപ്പെടുന്നില്ലെങ്കിൽ നിങ്ങൾ ഏതുമില്ല."

'താൻ ദൈവമാണെന്നു ഈസാനെബി പ്രസ്താവിച്ചതിന്നു സുവിശേഷങ്ങളിൽ തെളിവുണ്ടോ? എന്നു ഇതിനിടെ ഒരു മുഹമ്മദീയ സ്നേഹിതൻ ചോദിക്കയുണ്ടായി. അതിന്നു ഉത്തരം സുവിശേഷങ്ങളെ അടിസ്ഥാനപ്പെടുത്തി പറവാനുണ്ടു. "അങ്ങിനെ അവൻ ശബ്ബത്തിനെ ലംഘിച്ചതുകൊണ്ടു മാത്രമല്ല, ദൈവം സ്വന്ത പിതാവു എന്നു പറഞ്ഞു തന്നെത്താൻ ദൈവത്തോടു സമമാക്കിയതുകൊണ്ടും യെഹൂദന്മാർ അവനെ കൊല്ലുവാൻ അധികമായി ശ്രമിച്ചുപോന്നു." "ഞാനും പിതാവും ഒന്നാകുന്നു. യെഹൂദന്മാർ അവനെ എറിവാൻ പിന്നേയും കല്ലു എടുത്തു. യേശു അവരോടു: പിതാവിൻെറ കല്പനയാൽ ഞാൻ പല നല്ല പ്രവൃത്തികൾ നിങ്ങളെ കാണിച്ചിരിക്കുന്നു; അവയിൽ ഏതു പ്രവൃത്തിനിമിത്തം നിങ്ങൾ എന്നെ കല്ലെറിയുന്നു എന്നു ചോദിച്ചു. യെഹൂദന്മാർ അവനോടു: നല്ല പ്രവൃത്തി നിമിത്തമല്ല, ദൈവദൂഷണം നിമിത്തവും നീ മനു

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
|---|---|
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| | ആയത്ത് ഏഴ്. |

ഷ്യനായിരിക്കെ നിന്നെത്തന്നേ ദൈവമാക്കുന്നതുകൊണ്ടും അത്രെ ഞങ്ങൾ നിന്നെ കല്ലെറിയുന്നതു എന്നു ഉത്തരം പറഞ്ഞു" (യോഹന്നാൻ 5, 18; 10, 30-33). താൻ ദൈവമാണെന്നു ഈസാനെബി പ്രസ്താവിച്ചിരിക്കുന്നു എന്നതിന്നു ഇതിൽപരം അടിസ്ഥാനത്തോടുകൂടിയ മറെറാരു വാക്യം ആവശ്യമുണ്ടോ?

മുഹമ്മദീയ സ്നേഹിതന്മാരേ, മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിക്കുന്ന അൽഫാത്തിഹായിലെ ഓരോ ആയത്തിലടങ്ങിയ കാൎയ്യവും, നെബി ജനിക്കുന്നതിന്നു മുമ്പുള്ള തൌറാത്ത്, സ്സബൂർ, ഇഞ്ചീൽ എന്നിവ അടങ്ങിയ വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശങ്ങളും, നാം ഏറെക്കുറെ ഗ്രഹിപ്പാൻ ഇടയായല്ലോ. ഉമ്മുൽ കുർ ആൻ വിശുദ്ധ വേദപുസ്തകത്തെ ആശ്രയിക്കുന്നില്ലയോ? നിങ്ങൾക്കു എന്തു തോന്നുന്നു? അൽ കുർ ആനിൽ ഉള്ളതു മുമ്പു ഒരിക്കലും ലോകത്തിൽ പ്രസംഗിക്കപ്പെട്ടിട്ടില്ല എന്ന നാട്യം ഇസ്ലാമിന്നു ഒട്ടുംതന്നെ ഇല്ല എന്നു അൽ കിത്താബ് പണ്ഡിതന്മാർ തന്നെ പ്രസ്താവിക്കുന്നു. അങ്ങിനെയായാൽ തൌറാത്ത്, സ്സബൂർ ഇഞ്ചീൽ എന്നിവയിൽ അടങ്ങിയ ഉപദേശങ്ങൾ അൽഖുൎആൻ ക്രമപ്പെടുത്തുകയും, ശുദ്ധീകരിക്കുകയും പൂൎത്തിയാക്കുകയും ചെയ്തു എന്നു വല്ലവരും നിരൂപിക്കുന്ന പക്ഷം ഏതൊരു കാൎയ്യത്തിലാണ് അതുണ്ടായതു എന്നു അവരോടു ചോദിപ്പാനുണ്ടു്.

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
|---|---|
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| | ആയത്ത് ഏഴ്. |

മറെറാരു ഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെട്ട സംഗതികൾ, ഒന്നുകിൽ അപ്രകാരംതന്നെ എടുത്തു ഉപയോഗിക്കുക അല്ലെങ്കിൽ അതിലെ സാരം സ്വന്തവാക്കുകളിലുപയോഗിക്കുക, അല്ലെങ്കിൽ മറെറാരു ഭാഷയിലുള്ള കാൎയ്യം സ്വന്ത ഭാഷയിൽ പ്രസ്താവിക്കുക എന്നുവന്നാൽ അതിലെന്താണ് ഒരു പുതുമയും പ്രത്യേകതയും ഉള്ളതു എന്നു നിങ്ങൾതന്നെ ആലോചിപ്പിൻ. ക്രിസ്തീയ വിശുദ്ധ വേദപുസ്തകം മുഖാന്തരം വെളിപ്പെട്ടതിന്നും അതിൽ ഉപദേശിച്ചിരിക്കുന്നതിന്നും ഉപരിയായി എന്തൊരു പ്രത്യേകസത്യം ആണ് അൽകിത്താബിൽനിന്നു നിങ്ങൾ പഠിക്കുന്നത്? അൽഫാത്തിഹായിൽ ഒന്നോ രണ്ടോ അപേക്ഷകളും ശേഷം സംഗതികൾ അൽളാവിന്റെ വിശേഷണങ്ങളും ആയിട്ടാണല്ലോ ഉള്ളത്. എന്നാൽ ക്രിസ്തീയ വിശുദ്ധ വേദപുസ്തകത്തിലെ 51. 139 എന്നീ പശ്ചാത്താപ സങ്കീൎത്തനങ്ങളും, ദാനീയേൽപ്രവാചകൻ 9, 3–19 വരെയുള്ള ഭാഗവും നിങ്ങൾ വായിച്ചുനോക്കിയാൽ അൽഫാത്തിഹായിലെ പ്രാൎത്ഥനക്കും വിശുദ്ധ വേദപുസ്തകത്തിലെ പ്രാൎത്ഥനകൾക്കും തമ്മിലുള്ള കാൎയ്യമായ വ്യത്യാസം നിങ്ങൾക്കു ഗ്രഹിക്കാവുന്നതാണ്. സ്ഥലച്ചുരുക്കം ഹേതുവായിട്ടു സംഗതികൾ വിവരിച്ചെഴുതുവാൻ തരമില്ലാതെ വന്നിരിക്കുന്നു.

ക്രിസ്തീയ വിശുദ്ധവേദപുസ്തകവും അതിലെ വിശ്വാസോപദേശങ്ങളും, പല ഭാഷകളിലും വിവിധ രാജ്യങ്ങ

## വിശുദ്ധ വേദപുസ്തകവും

മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം.

## ഉമ്മുൽ കുർആനും.

ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം.

### ആയത്ത് ഏഴ്.

ളിലും പ്രചാരമായ ഒരു കാലത്തിലാണ് നിങ്ങളുടെ നെബി ജീവിച്ചു പ്രവൃത്തിച്ചതെന്നു നിങ്ങൾതന്നെ അറിയുന്ന ചരിത്രസത്യമാണല്ലോ. യെഹൂദിയാക്കളും നസ്സാറാക്കളുമായ കച്ചവടസംഘങ്ങളോടുകൂടെ, നിങ്ങളുടെ "ആദരവായ നെബി" കദീജ ഉമ്മയുടെ വ്യാപാരത്തിന്നായി സഞ്ചരിച്ച കാലങ്ങളിൽ, അവരുടെ വിശുദ്ധ വേദഗ്രന്ഥത്തിൽനിന്നുള്ള സംഗതികൾ ധാരാളം കേട്ടുഗ്രഹിപ്പാൻ സൌകൎയ്യമുണ്ടായിരുന്നില്ലേ, നിങ്ങൾക്കു എന്തു തോന്നുന്നു? ഈസാനെബിയുടെ കാലത്തിന്നു 570 വൎഷങ്ങളുടെ ശേഷം നിങ്ങളുടെ മുത്തുനെബിക്കു വെളിപ്പെട്ടു എന്നു നിങ്ങൾ പറയുന്ന അൽഫാത്തിഹായും വിശുദ്ധ വേദപുസ്തകവും തമ്മിൽ ഒന്നു താരതമ്യപ്പെടുത്തി വായിക്കുമ്പോൾ മേൽ പ്രസ്താവിച്ചിരിക്കുന്ന വസ്തുത നിങ്ങൾക്കു ബോദ്ധ്യമായ്വരാതിരിക്കയില്ല.

ദൈവം വല്ലതും നെബിയെ പഠിപ്പിക്കുമ്പോൾ 'ഖുൽ' (നീ പറക) എന്ന കല്പനയോടുകൂടിയായിരിക്കും അതു ആരംഭിക്കുക. എന്നാൽ അൽഫാത്തിഹായിൽ ഖുൽ എന്ന ദിവ്യകല്പന കാണുന്നില്ലല്ലോ. മുഹമ്മദ്നെബിയുടെ പ്രാൎത്ഥനാജീവിതം കണ്ടിട്ടു അദ്ദേഹത്തിന്റെ ഉമ്മത്തികൾ തങ്ങൾക്കു ഒരു പ്രാൎത്ഥന പഠിപ്പിച്ചുകൊടുക്കേണം എന്നു അപേക്ഷിച്ചതും നിമിത്തമാണ് അൽഫാത്തിഹ ഉളവായതു എന്നും പറവാൻ തരമുണ്ടോ? എന്നാൽ ഈസാനെബിയോ പ്രാൎത്ഥനാമനുഷ്യനായിരുന്നു. "അതികാലത്തു

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |
| | ആയത്ത് ഏഴ. |

ഇരുട്ടോടെ അവൻ എഴുനീററു പുറപ്പെട്ടു ഒരു നിൎജ്ജനസ്ഥലത്തു ചെന്നു പ്രാൎത്ഥിച്ചു" (മാൎക്ക് 1, 35). "വൈകുന്നേരം ആയപ്പോൾ അവരെ (ശിഷ്യന്മാരെ) പറഞ്ഞയച്ചു താൻ (ഈസാനെബി) പ്രാൎത്ഥിപ്പാൻ മലയിൽ പോയി" (മാൎക്ക് 6, 46. 47). "യേശു സ്നാനം ഏററു പ്രാൎത്ഥിക്കുമ്പോൾ ... പരിശുദ്ധാത്മാവു അവൻെറ മേൽ ഇറങ്ങിവന്നു" (ലൂക്കൊസ് 3, 21). "ആ കാലത്തു അവൻ പ്രാൎത്ഥിക്കേണ്ടതിന്നു ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാൎത്ഥനയിൽ രാത്രി കഴിച്ചു" (ലൂക്കൊസ് 6, 12. 13). അവൻ തനിച്ചു പ്രാൎത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ശിഷ്യന്മാർ കൂടെ ഉണ്ടായിരുന്നു" (ലൂക്ക് 9, 18). "ഈ വാക്കുകൾ പറഞ്ഞിട്ടു എട്ടു നാൾ കഴിഞ്ഞപ്പോൾ... പ്രാൎത്ഥിപ്പാൻ മലയിൽ കയറിപ്പോയി" (ലൂക്കൊസ് 9, 28. 29). 22, 45—47 വരെയും വായിച്ചുനോക്കുക. ക്രൂശിക്കപ്പെട്ട അവസരത്തിൽ ഈസാനെബി പറഞ്ഞ 7 വാക്കുകളിൽ ആദ്യത്തിലും മദ്ധ്യത്തിലും അവസാനത്തിലും ഉള്ളവ പ്രാൎത്ഥനകളായിരുന്നു. ഹയാത്തായ ഈസാനെബി ഇന്നും തൻെറ വിശ്വാസികൾക്കുവേണ്ടി സ്വൎഗ്ഗത്തിൽവെച്ചു പക്ഷവാദം കഴിക്കയും ചെയ്യുന്നു (റോമർ 8, 34). ഈസാനെബിയുടെ പരസ്യജീവിതത്തിൽ കാണായ്വരുന്ന ശക്തി അവൻെറ രഹസ്യ പ്രാൎത്ഥനാജീവിതത്തിൻെറ ഫലമായിരുന്നു. അദ്ദേഹത്തിൻെറ പരസ്യജീവിതത്തിന്നും രഹസ്യപ്രാൎത്ഥനാജീവിതത്തിന്നും തമ്മിൽ ഒരുററ ഐക്യത

| വിശുദ്ധ വേദപുസ്തകവും | ഉമ്മുൽ കുർആനും. |
| --- | --- |
| മുഹമ്മദ്‌നെബി ജനിക്കുന്നതിന്നു 570 വർഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വർഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്‌നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |

### ആയത്ത് ഏഴ.

യുണ്ടു് എന്നു ശിഷ്യന്മാർ ബോധിച്ചതിനാലായിരുന്നു അവർ തങ്ങളുടെ ഗുരുവിന്റെ അടുക്കെ വന്നു: "കർത്താവേ, ഞങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ" എന്നു അപേക്ഷിച്ചതു. തദവസരത്തിലാണ് ഈസാനെബി അവർക്ക് താഴെ ചേർത്തിരിക്കുന്ന ഏഴ അപേക്ഷകളോടുകൂടിയ പ്രാർത്ഥന കഴിപ്പാൻ പഠിപ്പിച്ചതു്.

| വിശുദ്ധ വേദപുസ്തകവും | ഉമ്മൽ കുർആനും. |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിന്നു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി എന്നു വിചാരിച്ചുവരുന്ന അൽഫാത്തിഹായിലെ ഉപദേശം. |

## ഈസാനെബി പഠിപ്പിച്ചുകൊടുത്ത പ്രാൎത്ഥന അഥവാ കൎത്താവിന്റെ പ്രാൎത്ഥന.

“സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

1. നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ;
2. നിന്റെ രാജ്യം വരേണമേ;
3. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപോലെ ഭൂമിയിലും ആകേണമേ;
4. ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നും തരേണമേ;
5. ഞങ്ങളുടെ കടക്കാൎക്കു ഞങ്ങളും വിടുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ വിട്ടുതരേണമേ;
6. ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ;
7. ദോഷത്തിൽനിന്നു ഞങ്ങളെ വിടുവിക്കേണമേ;

രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ ആകുന്നു. ആമേൻ” (ലൂക്കൊസ് 11, 2–4; മത്തായി 6, 9–13).

ചില വൎഷങ്ങൾക്കു മുമ്പ് അമേരിക്കായിലെ ചിക്കാഗോ പട്ടണത്തിൽ, ലോകത്തിൽ ഇപ്പോൾ നടപ്പുള്ള വിവിധ മതഘോഷകന്മാരുടെ ഒരു പ്രത്യേക സമ്മേളനം ഉണ്ടായിരുന്നു. അതതു മതസംഘങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രസിദ്ധ പ്രാസംഗികന്മാരെയായിരുന്നു അവിടത്തേക്കു അയച്ചതു. ഹിന്ദുമതം, മുഹമ്മദ്മതം, ബുദ്ധമതം, ക്രിസ്തീയമാൎഗ്ഗം എന്നും മററുമുള്ള മതങ്ങളെ പ്രതിനിധീകരിക്കുന്ന പണ്ഡിതന്മാർ ആ യോഗത്തിലുണ്ടായിരുന്നു. നാനാ

| വിശുദ്ധ വേദപുസ്തകവും | ഖുർആനും, |
| --- | --- |
| മുഹമ്മദ്നെബി ജനിക്കുന്നതിനു 570 വൎഷങ്ങൾക്കു മുമ്പും നാളിതുവരെയുമുള്ള വിശുദ്ധ വേദപുസ്തകത്തിലെ ഉപദേശം. | ഈസാനെബിയുടെ കാലശേഷം 570 വൎഷങ്ങൾ കഴിഞ്ഞിട്ടു മുഹമ്മദ്നെബിക്കു കിട്ടി ~~എന്നു വിചാരിച്ചുവരുന്ന~~ അൽഫാത്തിഹായിലെ ഉപദേശം. |

മതസ്ഥരുടെ യോഗമായിരുന്നതിനാൽ ആ യോഗം പ്രാൎത്ഥനയോടെ ആരംഭിക്കേണ്ടതാണെന്ന ആവശ്യത എല്ലാവൎക്കും ബോദ്ധ്യമായി. സൎവ്വമതസ്ഥൎക്കും ഭിന്നാഭിപ്രായമെന്നിയെ കേവലം യോജിച്ചു മനഃതൃപ്തിയോടെ പ്രാൎത്ഥിപ്പാൻ കഴിയുന്നതും, അൎത്ഥപുഷ്ടിയുള്ളതും, സൎവ്വ ആവശ്യങ്ങളെ ഒതുക്കിയതും പരിപൂൎണ്ണവുമായ ഒരു പ്രാൎത്ഥന ഏതാണ് എന്ന അന്വേഷണം നടന്നു. സൎവ്വ മതപ്രതിനിധികളും ഐകകണ്ഠ്യേന തിരഞ്ഞെടുത്തതു ഈസാനെബി തന്റെ ശിഷ്യന്മാൎക്കും ലോകത്തിന്നും ഉപദേശിച്ചുകൊടുത്ത ഈ പ്രാൎത്ഥനയായിരുന്നു. ഈ സംഭവം നിഷ്പക്ഷമായി ആലോചിക്കുന്നവർ ഈസാനെബി പഠിപ്പിച്ചുകൊടുത്ത പ്രാൎത്ഥന എത്ര മഹത്തരമായതാണെന്നു പ്രസ്താവിക്കാതിരിക്കയില്ല.

7. അൽകുർആനിലെ ഏററവും കാൎയ്യമായ അൽഫാത്തിഹ തന്നെ വിശുദ്ധ വേദപുസ്തകത്തെ ആശ്രയിച്ചിരിക്കുന്ന നിലയിൽ ഉമ്മുൽ കുർആനിൽ വിശുദ്ധ വേദപുസ്തകത്തിലുള്ളതിനേക്കാൾ പ്രത്യേകിച്ചു ഒരു വിശേഷതയും ഇല്ലാതിരിക്കുന്ന അവസ്ഥക്കു വിശുദ്ധ വേദഗ്രന്ഥത്തെ അപേക്ഷിച്ചു അൽകുർആനു ഉള്ള സ്ഥാനം എന്താണ് എന്നു വായനക്കാൎക്കു തന്നെ നിഷ്പക്ഷമായി ഒരു വിധിപറവാൻ എളുപ്പമാകുന്നു.

It is not true, rascal

Printed at the Basel Mission Press, Mangalore, S.K.
P. I. C. Q. H. No. 1.—6-9-'46.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 297 Acc. No. 13053

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

297

13053

വാൻഗ്ഗ്. കെ(റവ)

ഫാത്തിമഹാനിരൂപണം

KOTTAYAM PUBLIC LIBRARY

Call No. 297 Acc. No. 13053

Author മാർക്ക്. കെ (റവ)

Title മത്തിവഹാനിരൂപണം

Indic Digital Archive Foundation

gpura.org